**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 332** | **05-12-2022 - ൽ മറുപടിയ്ക്ക്**

**റേഷൻ കടകളുടെ പ്രവർത്തന സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ റേഷൻ കടകളുടെ പ്രവർത്തന സുതാര്യത ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ച വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 2022 നവംബർ 1 നകം റേഷൻകട തല വിജിലൻസ് കമ്മിറ്റി രൂപീകരിച്ച് ആദ്യയോഗം ചേരണമെന്ന് എല്ലാ ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ തലപ്പിള്ളി താലൂക്ക് തെക്കുംകര പഞ്ചായത്തിന്റെ പരിധിയിൽ 9 റേഷൻ കടകളും വടക്കാഞ്ചേരി മുനിസിപ്പാലിറ്റി പരിധിയിൽ 24 റേഷൻ കടകളും ഉണ്ട്. തെക്കുംകര പഞ്ചായത്തിലെ 9 റേഷൻകടകളിൽ റേഷൻകടതല വിജിലൻസ് കമ്മിറ്റി ആദ്യയോഗം 17/11/2022 തീയതിയിൽ കൂടിയിട്ടുണ്ട്. വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ 24 റേഷൻ കടകളിൽ റേഷൻകടതല വിജിലൻസ് കമ്മിറ്റി യോഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും കമ്മിറ്റി രൂപീകരിച്ച് യോഗം കൂടുന്നതിന് തീയതി നിശ്ചയിച്ച് നൽകുന്നതിന് താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന് കീഴിലുള്ള മുഴുവൻ റേഷൻ കടകളുടെയും റേഷൻകടതല വിജിലൻസ് കമ്മിറ്റികളുടെ രൂപീകരണവും യോഗം ചേരലും 2022 ഡിസംബർ ആദ്യവാരത്തോടെ പൂർത്തീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിജിലൻസ് കമ്മിറ്റിയുടെ റിപ്പോർട്ട് താലൂക്കടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (ബി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ